## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:37** **13.01.2021 ൽ മറുപടിക്ക്**

### ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. പി. ഉണ്ണി | | **ശ്രീ. ഇ. പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) | |
| (എ) | ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ഖാദിയുടെ വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഖാദി വിപണി മെച്ചപ്പെടുത്തുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം സാധ്യമാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>ഖാദിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നൽകിയത്, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തു പകരം പുതിയ യന്ത്ര |

| | | | |
|---|---|---|---|
| | | | സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവത്കൃത പാവ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ "എന്റെ ഗ്രാമം പദ്ധതി" പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. കൂടാതെ ഗ്രാമ വ്യവസായ ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും 3 ഓയിൽ യൂണിറ്റുകളും 2 കിടക്ക നിർമ്മാണ യൂണിറ്റുകളും 4 കൈക്കടലാസ് യൂണിറ്റുകളും ഒരു സോപ്പ് യൂണിറ്റും ഒരു നോട്ട് ബുക്ക് യൂണിറ്റും ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 175 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.<br>ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്തുക്കൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുകയും ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ചരിത്രത്തിലാദ്യമായി, നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റു സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞു. അതുപോലെ, യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. ആയതനുസരിച്ച്, ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു. കേരള ഭക്ഷ്യ വകുപ്പ് 2021 ജനുവരി മാസത്തെ ഭക്ഷ്യ കിറ്റിനോടൊപ്പം 2 മാസ്കുകൾ വീതം നൽകുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് 172 ലക്ഷം മാസ്കുകൾക്ക് ഓർഡർ നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ കേരള പോലീസ് വകുപ്പിന്റെ ക്യാന്റീൻ വഴി ഖാദി ഉല്പന്നങ്ങൾ വിപണനം നടത്തി വരികയും ചെയ്യുന്നു. |
| (ബി) | ഈ മേഖലയുടെ സമഗ്ര പുരോഗതിക്കായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഖാദി മേഖലയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പദ്ധതിവിഹിതത്തിൽ "ഏറ്റുകടുക്ക സ്ലൈവർ പ്രോജക്റ്റിന്റെ" ആധുനിക വൽക്കരണത്തിനും, ഖാദി സഹകരണ സംഘങ്ങൾക്കും/സ്ഥാപനങ്ങൾക്കും ധന സഹായത്തിനും, ഖാദി നൂൽ നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന പ്രോത്സാഹനവും ഉത്സവബത്തയും വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ സ്ഥാപനവും ശക്തിപ്പെടുത്തലിനും, ഖാദി ഗ്രാമം പദ്ധതി, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന പൂരക പദ്ധതി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. |
| (സി) | ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ ഖാദി ഗ്രാമം പദ്ധതിയിൽ സ്ത്രീകൾക്കും ദുർബലവിഭാഗത്തിൽപ്പെട്ടവർക്കുമായി | (സി) | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ 'ഖാദി ഗ്രാമം പദ്ധതി' പ്രകാരം സ്ത്രീകൾക്കും ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും നൂൽപിലും, നെയ്ത്തിലും ആവശ്യമായ പരിശീലനം നൽകി കൊണ്ട് ഈ മേഖലയിൽ തൊഴിൽ |

| | | | |
|---|---|---|---|
| | എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | | നൽകുന്നു. കൂടാതെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള സ്ത്രീകൾക്ക് വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിലേക്കായി ചർക്കളും തറികളും ആവശ്യമായ അസംസ്കൃത വസ്തുക്കളും വീട്ടിലെത്തിച്ച് തൊഴിൽ നൽകുന്നു. |
| (ഡി) | പുതിയ ഗ്രാമവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ ഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ചെറുകിട ഖാദി ഗ്രാമ വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു.<br>**<u>നിബന്ധനകൾ</u>**<br>1) 1ലക്ഷം രൂപ മുതൽമുടക്കുമ്പോൾ ഒരാൾക്ക് തൊഴിൽ.<br>2) പുതിയ യൂണിറ്റ് ആയിരിക്കണം.<br>**വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ** : നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ. പ്രാഥമിക സഹകരണസംഘങ്ങൾ<br>1)ബോർഡ് പത്രപരസ്യം/ പത്ര കുറിപ്പ് നൽകി അപേക്ഷ ക്ഷണിക്കുന്നു.<br>2) താല്പര്യമുള്ളവരിൽ നിന്നും നിശ്ചിത പ്രഫോർമയിൽ അപേക്ഷ, പ്രോജക്റ്റ് റിപ്പോർട്ട്, ക്വട്ടേഷൻ, ആധാറിന്റെ കോപ്പി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, ജാതി സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഇവ സഹിതം അപേക്ഷ വാങ്ങുന്നു.<br>3) സാധ്യതാ പഠനം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു.<br>**<u>കമ്മിറ്റിയിലെ അംഗങ്ങൾ</u>**<br>1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ<br>2) ഖാദി ബോർഡ് മെമ്പർ - അംഗം<br>3) ജില്ലാ പ്ലാനിംഗ് ഓഫീസർ - അംഗം<br>4) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - അംഗം<br>5) ലീഡ് ബാങ്ക് മാനേജർ - അംഗം<br>6) പ്രോജക്റ്റ് ഓഫീസർ - കൺവീനർ<br>4) സെല്ക്ഷൻ കമ്മിറ്റി അപേക്ഷകനുമായി അഭിമുഖം നടത്തി അംഗീകരിക്കുന്ന അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്ക്/അപേക്ഷകൻ ആവശ്യപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ബാങ്കിലേക്ക് അയയ്ക്കുന്നു.<br>5) ബാങ്ക് ലോൺ പാസാക്കി ഒന്നാമത്തെ ഗഡു നൽകി ജില്ലാ ഓഫീസറെ അറിയിക്കുന്നു.<br>6) ജില്ലാ ഓഫീസിൽ നിന്നും വിനിയോഗം പരിശോധിച്ച് അർഹമായ സബ്സിഡി അനുവദിച്ച് രണ്ട് വർഷത്തേക്ക് ലോൺ നൽകിയ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നു.<br>7) യൂണിറ്റ് ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞ് ജില്ലാ ഓഫീസർ യൂണിറ്റ് ഇൻ സ്പെക്ഷൻ നടത്തി മാർജിൻ മണി (സബ്സിഡി) ബാങ്ക് വായ്പയിലേക്ക് വകയിരുത്തുന്നതിനുള്ള അനുമതി ബാങ്കിന് നൽകുന്നു.<br>8) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതി തൽക്കാലത്തേക്ക് മരവിപ്പിക്കുന്നു. പകരം ബോർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മെറിറ്റ് പരിശോധിച്ച് അപേക്ഷ ബാങ്കിന് നൽകേണ്ടതാണ്. മെറിറ്റ് കണക്കാക്കുമ്പോൾ റൂറൽ ഏരിയയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ